# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 410 - 08/08/2017 - ലെ മറുപടിക്ക്

### പൊതുകടം

ചോദ്യം

ഉത്തരം

ശ്രീ. പി. കെ. ശശി.

ഡോ. ടി.എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം മുൻ എൽ. ഡി. എഫ്. സർക്കാർ 31.03.2011-ൽ അധികാരമൊഴിയുമ്പോഴുള്ള പൊതുകടം എത്ര എന്നും ശേഷം വന്ന യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ ഇത് എത്ര എന്നും വ്യക്തമാക്കാമോ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം മുൻ എൽ.ഡി.എഫ്. സർക്കാർ 31.03.2011 -ൽ അധികാരമേൽക്കുമ്പോൾ പൊതുകടം 54887.18 (E) കോടി രൂപയും ശേഷം വന്ന യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ 31.03.2016 അടിസ്ഥാനമാക്കി പൊതുകടം 109730.97(E) കോടി രൂപയുമാണ്. |
| (ബി) | മുൻ സർക്കാർ കാലയളവിൽ (2011-16) എത്ര കോടി രൂപയുടെ പൊതുകടത്തിന്റെ വർദ്ധനവുണ്ടായി; തുക, ശതമാനം എന്നിവ ഉൾപ്പെടെ വ്യക്തമാക്കുമോ; | മുൻ സർക്കാർ കാലയളവിൽ (2011-16) 31.03.2011 മുതൽ 31.03.2016 വരെയുള്ള കണക്കുകൾ പ്രകാരം 54843.79 കോടി രൂപയുടെ വർദ്ധനവ് പൊതുകടത്തിൽ ഉണ്ടായിട്ടുണ്ട്. ഇത് 100 ശതമാനം വർദ്ധനവാണ്. |
| (സി) | സംസ്ഥാനത്തിന്റെ 2011-16 കാലത്തെ തനതു നികുതി വരുമാനം എത്ര ശതമാനമായിരുന്നു എന്നും, ആയത് 30.03.2011 വരെയുള്ള കാലഘട്ടങ്ങളിൽ എത്ര ശതമാനം എന്നും പ്രസ്തുത 2011-16 കാലയളവിൽ വന്ന കുറവ് എത്ര ശതമാനം എന്നും വ്യക്തമാക്കുമോ; | സംസ്ഥാനത്തിന്റെ 2010-11 മുതൽ 2015-16 വരെയുള്ള റവന്യൂ വരുമാനവും തനത് നികുതി വരുമാനവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2010-11 വർഷത്തെ അപേക്ഷിച്ച് 2015-16 -ൽ തനത് നികുതി വരുമാനത്തിൽ 13.61 ശതമാനമാണ് കുറവ് വന്നിട്ടുള്ളത്. |

| വർഷം | റവന്യൂ വരുമാനം | തനത് നികുതി വരുമാനം | ശതമാനം |
|---|---|---|---|
| 2010-11 | 30990.95 | 21721.69 | 70.09 |
| 2011-12 | 38010.36 | 25718.60 | 67.66 |
| 2012-13 | 44137.30 | 30076.61 | 68.14 |
| 2013-14 | 49176.94 | 31995.02 | 65.06 |

| | | | |
|---|---|---|---|
| 2014-15 | 57950.47 | 35232.50 | 60.79 |
| 2015-16 | 69032.66 | 38995.15 | 56.48 |

(ഡി) 2006-11 കാലയളവിലെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് റവന്യൂ കമ്മിയുടെ ശരാശരി വർദ്ധനവ് എത്രയായിരുന്നു എന്നും ആയത് 2011-16 കാലയളവിൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എത്രയായി എന്നും വ്യക്തമാക്കുമോ ;

2006-07 മുതൽ 2015-16 വരെയുള്ള റവന്യൂ കമ്മി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | റവന്യൂ കമ്മി | വർദ്ധനവ് % -ൽ | വർഷം | റവന്യൂ കമ്മി | വർദ്ധനവ് % -ൽ |
|---|---|---|---|---|---|
| 2006-07 | 2638 | -15.69 | 2011-12 | 8034 | 118.67 |
| 2007-08 | 3785 | 43.47 | 2012-13 | 9351 | 16.39 |
| 2008-09 | 3712 | -1.93 | 2013-14 | 11309 | 20.94 |
| 2009-10 | 5023 | 35.31 | 2014-15 | 13796 | 22.00 |
| 2010-11 | 3674 | -26.86 | 2015-16 | 9657 | -30.00 |
| ആകെ വർദ്ധനവ് | | 34.3 | ആകെ വർദ്ധനവ് | | 148 |
| ശരാശരി വർദ്ധനവ് | | 6.86 | ശരാശരി വർദ്ധനവ് | | 29.6 |

(ഇ) ഇതുമൂലമുണ്ടായ സംസ്ഥാന റവന്യൂ കമ്മി, സംസ്ഥാന കടമെടുപ്പു പരിധി ഉൾപ്പെടെ യുണ്ടാക്കിയ സ്ഥിതി വിശേഷങ്ങൾ എന്ത് എന്നു വ്യക്തമാക്കുമോ;

ഇതു കാരണം റവന്യൂ കമ്മി വർദ്ധിക്കുകയും ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ പലതും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകുകയും ചെയ്തു.

(എഫ്) ഈ സ്ഥിതി വിശേഷം നേരിട്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ഉറപ്പു വരുത്താനും പൊതുകടം കുറയ്ക്കാനും, നികുതി വരുമാനം ഉറപ്പുവരുത്താനും ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തിര പ്രാധാന്യമുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ